പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 588 | 27.10.2011-ൽ മറുപടിക്ക് |
|---|---|

## എമിഗ്രേഷൻ നടപടിക്രമങ്ങളെക്കുറിച്ച് ബോധവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>'' വർക്കല കഹാർ<br>,, സണ്ണി ജോസഫ്<br>,, ലൂഡി ലൂയിസ് | ശ്രീ. കെ.സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ പരിശോധന എന്നിവ തടയുന്നതിന് എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് നോർക്ക റൂട്ട്സ് നടപ്പിലാക്കിവരുന്നത് ; | (എ) | നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ വ്യാജ വിസാ റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനം എന്നിവ തടയുന്നതിനായി സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായ ബോധവൽക്കരണ പരിപാടികളാണ് നോർക്ക റൂട്ട്സ് നടപ്പിലാക്കിവരുന്നത്. ബോധവത്കരണ പരസ്യ ചിത്രങ്ങൾ നിർമ്മിച്ച് വിവിധ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട തീയറ്ററുകൾ വഴിയും ദൂരദർശൻ ഉൾപ്പെടെയുള്ള മലയാള ടെലിവിഷൻ ചാനലുകളിലൂടെയും സി.സി. ടി.വി, കേരളത്തിലെ എല്ലാ പത്രമാധ്യമങ്ങൾ, ആനുകാലികങ്ങൾ, ഫ്ളക്സ് ബോർഡുകൾ, മൊബൈൽ ഹോർഡിങ്ങുകൾ, എന്നിവയിലൂടെയും ബോധവത്കരണ പ്രചരണ പരിപാടികൾ നടത്തിവരുന്നു. |
| (ബി) | ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിന് അച്ചടി/റേഡിയോ പരസ്യങ്ങൾ, ഹോർഡിങ്ങുകൾ എന്നിവ മുഖേന എമിഗ്രേഷൻ പ്രക്രിയയുടെ നടപടിക്രമങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുമോ ; | (ബി) | ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിനായി ബോധവൽക്കരണ പ്രക്രിയയിലൂടെ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രചരണ പരിപാടികൾ നോർക്ക റൂട്ട്സ് നടപ്പാക്കിവരുന്നു. |
| (സി) | നിയമാനുസൃതമല്ലാതെ വിദേശത്ത് കുടിയേറുന്നതിന്റെ അപകടസാധ്യതയെക്കുറിച്ച് മുന്നറിയിപ്പു നൽകുമോ ? | (സി) | ഇത് സംബന്ധിച്ച മുന്നറിയിപ്പുകൾ പ്രചരണ പരിപാടികളിലൂടെ നോർക്ക റൂട്ട്സ് സ്ഥിരമായി നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ